ജി.എം.എൽ.പി സ്കൂൾ പൊന്മുണ്ടം സൗത്ത്

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26



**ആമുഖം**

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി വിദ്യാഭ്യാസ ജില്ലയിൽ താനൂർ ഉപജില്ലയിലെ ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിൽ കുറുങ്കാട് എന്ന സ്ഥലത്തുള്ള ഒരു സർക്കാർ വിദ്യാലയമാണ് ജി.എം.എൽ.പി സ്കൂൾ പൊന്മുണ്ടം സൗത്ത് .ഈ അധ്യയന വർഷം ഒന്നാം ക്ലാസ്സിൽ 24 കുട്ടികൾ പ്രവേശനം നേടിയത്.ഇത് കൂടി ഉൾപ്പെടുത്തി ആകെ 133 കുട്ടികളാണ് ഉള്ളത് .ഭാഷാ ശേഷി വികസനം ഉൾപ്പെടെ കുട്ടികളുടെ സമഗ്ര വികാസമാണ് അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ലക്ഷ്യമിടുന്നത് .കഴിഞ്ഞ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ മുന്നോട്ട് വച്ച വായന,ലേഖന ശേഷികൾ വികസിപ്പിക്കാനുള്ള പദ്ധതികൾ സംയുക്ത ഡയറി , രചനോത്സവം എന്നിവയിലൂടെ ലക്ഷ്യം കണ്ടിട്ടുണ്ട് .എന്നാൽ ചില കുട്ടികൾക്ക് പ്രത്യേക പരിഗണന ആവശ്യമായിരുന്നു .അത്തരം കുട്ടികൾക്കായി വിജയസ്പർശം പദ്ധതി നടപ്പിലാക്കാനും സാധിച്ചിട്ടുണ്ട് .ഇക്കൊല്ലവും രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും സജീവ പങ്കാളിത്തത്തോടെ അക്കാദമിക മാസ്റ്റർ പ്ലാനിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ശ്രമിക്കുന്നത് . ജൂൺ മാസം മുതൽ മാർച്ച് മാസം വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും മാറ്റം വരുത്താൻ കഴിയുന്നതും തുടർപ്രവർത്തന സാധ്യത ഉള്ളതുമായ വിവിധ പ്രവർത്തനങ്ങളാണ് ഈ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത് .

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം

**ബോധവൽക്കരണ പരിപാടി**

**ജൂൺ 3 : പൊതു വിഷയങ്ങൾ**

**പ്രധാന പ്രവർത്തനങ്ങൾ**

കൂട്ടുകാരെ പരിചയപ്പെടൽ

ലഹരി വിരുദ്ധ ബോധവൽക്കരണം

അവധിക്കാല അനുഭവം പങ്കുവയ്ക്കൽ

**ജൂൺ 4: സുരക്ഷയും ഗതാഗതവും**

**പ്രധാന പ്രവർത്തനങ്ങൾ**

വീഡിയോ പ്രദർശനം.

മോക്ക് ഡ്രിൽ

**ജൂൺ 5 : ശുചിത്വം, പരിസ്ഥിതി സൗന്ദര്യവൽക്കരണം, മാലിന്യമുക്ത വിദ്യാലയം**

**പ്രധാന പ്രവർത്തനങ്ങൾ**

**വിദ്യാലയം വൃത്തിയാക്കൽ**

**വ്യക്തി ശുചിത്വം ക്ലാസ്സ്**

**ജൂൺ 9 : പൊതുവായ ആരോഗ്യം**

ദൈനംദിന വ്യക്തി ശുചിത്വ പരിചരണ രീതികളെ കുറിച്ച് ക്ലാസ്

സുംബാ ഡാൻസ്

പോഷകാഹാരം

**ജൂൺ 10 : ഡിജിറ്റൽ അച്ചടക്കം**

**പ്രധാന പ്രവർത്തനങ്ങൾ**

ബോധവൽക്കരണ ക്ലാസ്

പോസ്റ്റർ നിർമ്മാണം

**ജൂൺ 11: പൊതുമുതൽ സംരക്ഷണം**

**പ്രധാന പ്രവർത്തനങ്ങൾ**

അവബോധ ക്ലാസ്സ്

ലൈബ്രറി വൃത്തിയാക്കൽ

**ജൂൺ 13 : പൊതു ക്രോഡീകരണം**

## ക്ലാസ് I

## മലയാളം

<u>ലക്ഷ്യങ്ങൾ</u>

- കഥകൾ കേട്ട് ആശയം ചോരാതെ വ്യക്തതയോടെ സദസ്സിനു മുൻപാകെ അവതരിപ്പിക്കാൻ കഴിയുന്നു .
- സർഗ്ഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു .
- രക്ഷിതാക്കളുടെ സഹകരണത്തോടെ സംയുക്ത ഡയറി എഴുത്ത് ആരംഭിക്കുന്നു .
- കവിതകൾ ഈണത്തിലും താളത്തിലും അവതരിപ്പിക്കുന്നു
- ചിത്ര രൂപത്തിൽ ആശയങ്ങൾ അവതരിപ്പിക്കാൻ കഴിയുന്നു
- കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്ന തരത്തിൽ രചനോത്സവ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

പ്രവർത്തനങ്ങൾ **സമയം : ജൂൺ - മാർച്ച്**

- വായനക്കൂടാരം

ക്ലാസ് റൂമിൽ വായനക്കൂടാരം ഒരുക്കുന്നു . പ്രസ്തുത പ്രവർത്തനത്തിന്റെ തുടർച്ചയായി ചെറുകഥാ പുസ്തകങ്ങളിലെ കഥകൾ രക്ഷിതാക്കൾ കുട്ടികൾക്ക് ഭാവാത്മകമായി പറഞ്ഞുകൊടുക്കുന്നു കേട്ടകഥ ആശയവ്യക്തതയോടെ സ്കൂൾ അസംബ്ലിയിൽ കുട്ടി അവതരിപ്പിക്കുന്നു.

- ഡയറി എഴുതാം

രക്ഷിതാവിന്റെ സഹകരണത്തോടെ സംയുക്ത ഡയറി എഴുത്ത് ആരംഭിക്കുന്നു. ആശയങ്ങൾ കുട്ടികൾ ചിത്രരൂപത്തിൽ അവതരിപ്പിക്കുന്നു. അവ്യക്തമായ വാക്കുകളും വാക്യങ്ങളും ചിത്രങ്ങളും ഉൾപ്പെടുത്തുന്നു .സ്വതന്ത്ര രചയിതാക്കൾ ആകുന്നു.

- രചനോത്സവം

ചിത്രത്തെ അടിസ്ഥാനമാക്കി കഥപറയലിൽ ആരംഭിച്ച് ക്രമേണ രചനയിലേക്ക് കടക്കുന്നു. ഭിന്ന നിലവാരക്കാർക്കായി കൂടുതൽ അവസരങ്ങൾ ഒരുക്കുന്നു പിന്നോക്കക്കാർക്ക് ആശയപ്രകടനത്തിന് കൂടുതൽ സമയവും അവസരവും പ്രോത്സാഹനവും നൽകുന്നു. രചനോത്സവ കഥകൾ പുസ്തകങ്ങളായി പ്രകാശനം ചെയ്യുന്നു.

- പാട്ടരങ്ങ്

പാഠഭാഗത്തെയും അല്ലാത്തതുമായ ചെറുകവിതകൾ ഈണത്തിലും താളത്തിലും അവതരിപ്പിക്കാൻ പാട്ടരങ്ങ് സംഘടിപ്പിക്കുന്നു.

- റീഡേഴ്സ് തിയേറ്റർ

റീഡേഴ്സ് തിയേറ്റർ സംഘടിപ്പിച്ച് വായനാ ശേഷി വികസിപ്പിക്കുന്നു.

**ക്ലാസ് I**

**ഗണിതം**

**ലക്ഷ്യം**

കളികളും നിർമാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ.

**പ്രവർത്തനങ്ങൾ** **സമയം : ജൂൺ - മാർച്ച്**

- **രൂപങ്ങൾ അറിയാം**

  ഈർക്കിൽ ,ടൂത്ത് പിക് ,വർണ്ണക്കടലാസുകൾ എന്നിവ ഉപയോഗിച്ച് ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കുന്നു.

- **മഞ്ചാടി സഞ്ചി ഒരുക്കൽ**

  വലുത് ചെറുത് കൂട്ടങ്ങൾ ആക്കൽ സംഖ്യാപബോധം എന്നിവ നേടിയെടുക്കാൻ ചുറ്റുപാടുമുള്ള വസ്തുക്കൾ ഉപയോഗിച്ച് മഞ്ചാടി സഞ്ചി ഒരുക്കുന്ന പഠനപ്രവർത്തനങ്ങൾക്ക് ഇത് ഉപയോഗിക്കുന്നു.

- **കുഞ്ഞുപുസ്തകം നിർമ്മിക്കൽ** : ഒന്നുമുതൽ അഞ്ചു വരെയുള്ള സംഖ്യകൾ മനസ്സിലാക്കാൻ ഗണിത പാട്ടിന്റെ സഹായത്തോടെ ചിത്രങ്ങൾ ഉൾപ്പെടുത്തി കുഞ്ഞു പുസ്തകം തയ്യാറാക്കുന്നു.

**ക്ലാസ് I June to March**

## English

### Learning Objectives

- All learners get interested in English learning
- Familiarise with English words denoting vehicles,animals and birds
- Familiarise with rhythm and pattern of songs
- Able to read conversations songs and simple description graphically
- Able to write simple descriptions

Activities

- Action songs and simple games
- Making simple statement based on pictures
- Riddles making
- Making simple sentences
- Story telling
- English Assembly
- choreography of a unit

**ക്ലാസ് I** **ജൂൺ - മാർച്ച്**

**പരിസരപഠനം**

**ലക്ഷ്യം**

- പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.
- നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയശേഷികൾ ഉറപ്പുവരുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ശരിയായ ആഹാര ശീലങ്ങളും ഭക്ഷണക്രമവും മനസ്സിലാക്കുന്നു.

**പ്രവർത്തനങ്ങൾ**

- **പ്രകൃതി നടത്തം**

  പരിസരം നിരീക്ഷിക്കലിലൂടെ  പക്ഷികൾ ചെടികൾ മറ്റ് ജീവജാലങ്ങൾ എന്നിവയെ കുറിച്ച് കൂടുതൽ കാര്യങ്ങൾ നിരീക്ഷിക്കുന്ന അറിയുന്നു.

- ചെയ്യാം പഠിക്കാം

  വിവിധ തരത്തിലുള്ള പരീക്ഷണങ്ങളിലൂടെ പക്ഷികളുടെ തൂവലുകളുടെ പ്രത്യേകതകൾ, പൂക്കളുടെ വ്യത്യസ്ഥതകൾ, ജീവികളുടെ പ്രത്യേകതകൾ എന്നിവ മനസ്സിലാക്കുന്നു

- **അറിഞ്ഞു കഴിക്കാം** - വിവിധ ചെറുധാന്യങ്ങളുടെ പ്രാധാന്യം മനസിലാക്കുന്നതിനും അതിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും millet food fair സംഘടിപ്പിക്കുന്നു

**രണ്ടാം ക്ലാസ്**

**മലയാളം**

ലക്ഷ്യങ്ങൾ

1. രണ്ടാം ക്ലാസിലെ മുഴവൻ കുട്ടികളിലും ലഘുവാക്യങ്ങൾ എഴുതുകയും വായിക്കുകയും ചെയ്യാനുള്ള ശേഷി വികസിപ്പിക്കുക.
2. സ്വതന്ത്ര സർഗാത്മക രചനകളിൽ ഏർപ്പെടാനുള്ള കഴിവ് വർദ്ധിപ്പിക്കുക.
3. ചെറുകവിതകൾ ആസ്വദിക്കുകയും ഈണം താളം ആശയം എന്നിവ മനസ്സിലാക്കി പുതിയ വരികൾ കൂട്ടിച്ചേർക്കുകയും ചെയ്യുന്നു.

**പ്രവർത്തനങ്ങൾ**

**സംയുക്ത ഡയറി**

ഒന്നാം ക്ലാസിൽ ആരംഭിച്ച സംയുക്ത ഡയറി എഴുത്ത് രണ്ടാം ക്ലാസിന്റെ തുടക്കത്തിൽ തന്നെ ആരംഭിക്കുന്നു. അനുഭവങ്ങൾ ആശയ ചോർച്ചയില്ലാതെ അവതരിപ്പിക്കാനുള്ള ശേഷി വികസിപ്പിക്കാൻ കഴിയുന്നു.

**പാട്ടരങ്ങ്**

പാഠഭാഗത്തിൽ ഉള്ളതും സമാനമായതുമായ കവിതകൾ വായിക്കുകയും വ്യത്യസ്ത ഈണങ്ങളിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ ഈണം താളം ആശയം എന്നിവ പാലിച്ചുകൊണ്ട് വരികൾ

കൂട്ടിച്ചേർക്കാനും കഴിയുന്നു. ഓരോ യൂണിറ്റിന്റെയും അവസാനം പാട്ടരങ്ങ് സംഘടിപ്പിക്കുന്നു.

**രചനോത്സവം**

കുട്ടികളുടെ സർഗാത്മകശേഷി വികസിപ്പിക്കാനും താല്പര്യത്തോടെ എഴുതാനും രചനോത്സവ പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. ജൂലൈ മുതൽ എല്ലാ വെള്ളിയാഴ്ചകളിലും രചനോത്സവത്തിന് ആവശ്യമായ ചിത്രങ്ങൾ നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ തയ്യാറാക്കുന്ന കഥകൾ പതിപ്പുകളാക്കി അസംബ്ലിയിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

**റീഡേഴ്സ് തിയേറ്റർ**

ആശയ ചോർച്ചയില്ലാതെ പാഠഭാഗത്തുള്ളതും അല്ലാത്തതുമായ കഥകൾ നന്നായി വായിച്ച് അവതരിപ്പിക്കുന്നു. ക്ലാസ് പിടിഎ കളിൽ റീഡഴ്സ് തിയേറ്റർ സംഘടിപ്പിക്കുന്നു.

രണ്ടാം ക്ലാസ്

**പരിസര പഠനം**

**ലക്ഷ്യങ്ങൾ**

- പരിസര പഠനത്തിലൂടെ ഭാഷാ പഠന സാധ്യതകൾ ഒരുക്കുന്നു
- പ്രകൃതി നിരീക്ഷണത്തിലൂടെ ലഭ്യമാകുന്ന ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു
- ശാസ്ത്ര പ്രക്രിയ ശേഷികളുടെ വികാസം

**പ്രവർത്തനങ്ങൾ**

**പരീക്ഷണങ്ങൾ ചെയ്യാം**

പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ലഭ്യമാകുന്ന സാധനങ്ങൾ ഉപയോഗിച്ച് ക്ലാസ് മുറിക്ക് പുറത്തും അകത്തും  നടത്തുന്നു.

പരീക്ഷണങ്ങൾക്ക് ശേഷം കുട്ടികൾ തന്നെ അത് വിശദീകരിക്കുകയും പരീക്ഷണക്കുറിപ്പാക്കുകയും ചെയ്യുന്നു.

**പ്രകൃതി നടത്തം**

നമ്മുടെ ചുറ്റുപാടുകളെ കുറിച്ച് കുട്ടികൾ മനസ്സിലാക്കുകയും ജീവികളെ കുറിച്ചും സസ്യങ്ങളെ കുറിച്ചും പുതിയ അറിവുകൾ വളർത്തുകയും അവ രേഖപ്പെടുത്തുകയും ഈ അറിവുകൾ  പങ്കുവെക്കുകയും ചെയ്യുന്നു.

**രണ്ടാം ക്ലാസ്**

**ഗണിതം**

**ലക്ഷ്യങ്ങൾ**

ഗണിത പഠനം ആകർഷകവും രസകരവുമാക്കൽ ,മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ

ചിത്രങ്ങൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്നങ്ങൾ എളുപ്പത്തിൽ വിശകലനം ചെയ്യൽ

**പ്രവർത്തനങ്ങൾ**

ചിത്രങ്ങൾ നോക്കി സങ്കലനം

ചിത്രങ്ങൾ നോക്കി വ്യവകലനം

ചിത്രങ്ങളുടെ സഹായത്തോടെ കൂട്ടങ്ങളാക്കൽ

**ഗണിത കിറ്റ് ഒരുക്കൽ**

ഗണിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മൂർത്ത വസ്തുക്കൾ ആവശ്യമാണ് അതിനായി ഓരോ കുട്ടിക്കും ചാടി ഈർക്കിൽ മുത്തുകൾ രൂപങ്ങൾ തുടങ്ങിയ സാധനങ്ങൾ ഉൾപ്പെടുന്ന കിറ്റുകൾ ഒരുക്കുന്നു പ്രശ്നനിർധാരണത്തിന് ഇവ ഉപയോഗിക്കുന്നു.

**രൂപങ്ങൾ വരയ്ക്കാം**

വിവിധ ജ്യാമിതീയ രൂപങ്ങൾ ഉൾപ്പെടുത്തി വ്യത്യസ്ത തരത്തിലുള്ള ചിത്രങ്ങൾ വരയ്ക്കുകയും പേപ്പർ,ഈർക്കിൽ എന്നിവ ഉപയോഗിച്ച് രൂപങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു.

**Class 2    June to March**

**English**

**Aims**

Enrich vocabulary of students

Read  and write simple sentences

Able  to write simple description.

**Activities**

1. One day one word

Giving a word in each day. Making sentences using this word

2. Let's talk

Each students introduce themselves. Giving chances to speak confidently in classroom and assembly.

3. Let's write

Show picture

Ask about picture

Asking simple questions

Writing small description

**ക്ലാസ് 3 ജൂൺ മുതൽ മാർച്ച് വരെ**

**മലയാളം**

**ലക്ഷ്യങ്ങൾ**

- ശബ്ദശേഖരം (Vocabulary) വർദ്ധിപ്പിക്കുക
- എഴുത്ത്, വായന, സംസാരശേഷി വർദ്ധിപ്പിക്കുക
- ആലോചനകളും വികാരങ്ങളും പ്രകടിപ്പിക്കുക.
- സൃഷ്ടിപരമായ എഴുത്ത് വികസിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

Pre-test( ജൂൺ)

ക്ലാസ് ലൈബ്രറി വികസനം ,ക്ലാസ് ലൈബ്രറി ആകർഷകമാക്കാൻ

വായന കാർഡുകൾ തയ്യാറാക്കൽ

ഭാഷാ ഗെയിമുകൾ,

ആക്ഷൻ സോംഗ്സ്

ഭാവാത്മക വായന

കഥപറയൽ

അധ്യാപകൻ ഭാവാത്മമായി പറയുന്ന കഥകൾ കേൾക്കൽ

ഐ.സി.ടി. (ICT) ഉപകരണങ്ങൾ ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ

അമ്മ വായന ,അമ്മമാരുടെ വായനക്കുറിപ്പുകൾ

**സംസാരശേഷി:**

ചിത്രവായന,ചിത്ര വിവരണം

കടങ്കഥകൾ, പഴഞ്ചൊല്ല് ശേഖരണം, ക്ലാസ്സ് അവതരണം

അനുഭവ വിവരണം

ചിത്രത്തെ കുറിച്ച് വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുക

**സൃഷ്ടിപരമായ എഴുത്തും സംസാരവുമുള്ള വിദ്യാർത്ഥികളെ വികസിപ്പിക്കുന്നതിനായി**

കഥാപുസ്തകങ്ങൾ വായിക്കുക,പുതിയ വാക്കുകൾ കണ്ടെത്തുക,പാഠപുസ്തകത്തി ലെ പ്രവർത്തനങ്ങൾ വാക്കുകളുടെ വെബ് (Word Web) നിർമ്മിക്കുക,ചിത്ര വിവരണം,വാക്കുകളും വാക്യങ്ങളും നിർമ്മിക്കുക,ചോദ്യങ്ങൾ നിർമ്മിക്കുക, ചോദ്യോത്തരപ്പയറ്റ്,വാക്കുകൾ കൂട്ടിച്ചേർത്ത് കൂടുതൽ വരികൾ എഴുതുക

**സൃഷ്ടിപരമായ എഴുത്ത് വികസിപ്പിക്കുന്നതിനായി**

ലൈബ്രറി പുസ്തകങ്ങൾ വായിക്കുക

കഥ, റോൾപ്ലേ, അനുഭവക്കുറിപ്പുകൾ

**ക്ലാസ് 3 ജൂൺ മുതൽ മാർച്ച് വരെ**

**ഗണിതം**

**ലക്ഷ്യങ്ങൾ**

- ചതുരം വൃത്തം ത്രികോണം എന്നീ രൂപങ്ങളെ കുറിച്ചുള്ള ധാരണ നൽകുന്നു
- 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു
- എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക
- സങ്കലന വ്യവകലനക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക
- ഗുണന വസ്തുതകൾ നേടാൻ ഭരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ ആർജിക്കൽ

**പ്രവർത്തനങ്ങൾ**

- **രൂപങ്ങൾ നിർമ്മിക്കാം**

ജൂൺ മാസത്തിൽ പ്രീ ടെസ്റ്റ് നടത്തുന്നു , ഈർക്കിലുകൾ കമ്പുകൾ വള, എന്നെ ഉപയോഗിച്ച് ചതുരം ത്രികോണം വൃത്തം എന്നിവ നിർമ്മിക്കുന്നു.

ഗണിതരൂപങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ആശംസ കാർഡ് നിർമ്മാണം, തോണി നിർമ്മാണം,വെജിറ്റബിൾ പ്രിന്റിംഗ് തീപ്പെട്ടി കമ്പ് ഉപയോഗിച്ചുകൊണ്ടുള്ള വിവിധ ഗണിത രൂപങ്ങളുടെ നിർമ്മാണം എന്നിവ

- **സംഖ്യകൾ ചങ്ങാതിമാർ**

ഒന്നു മുതൽ നൂറ് വരെയുള്ള കളർ ബോർഡ് ഉപയോഗിച്ച് സംഖ്യകളെ സ്ഥാനക്കളത്തിൽ തിട്ടപ്പെടുത്തി സംഖ്യകളെ യഥാസ്ഥാനത്ത് ക്രമീകരിക്കുന്നു.

- **നറുക്കെടുക്കാം**

  സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു കിട്ടിയ സംഖ്യ വായിക്കുന്നു മറ്റുള്ളവർ സംഖ്യ എഴുതുന്നു.

- **ക്രമത്തിൽ ആക്കാം**

  വിവിധ സംഖ്യ പേറ്റേണുകൾ പൂർത്തിയാക്കുന്നു സംഖ്യകളെ ആരോഹണം അവരോഹണ ക്രമം എന്ന രീതിയിൽ എഴുതുന്നു.

- **സംഖ്യ നിർമ്മിക്കാം**

  സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കുന്നു അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കുന്നു.

- **ക്ലാസിൽ ഒരു കുഞ്ഞു കട**

  കുട്ടികളുടെ ബുക്ക് പേന പെൻസിൽ വെള്ളം അരി etc ചേർത്ത് അവൾക്ക് വില നൽകി കട ക്രമീകരിക്കുന്നു ത്രാസ് അളവ് പാത്രങ്ങൾ ക്രമീകരിക്കുന്നു ആവശ്യമുള്ളവ അളന്നെടുക്കുന്നു കളി നോട്ട് ഉപയോഗപ്പെടുത്തി കച്ചവട കളി ഒരുക്കുന്നു കടക്കാരനും കസ്റ്റമറും കുട്ടികൾ തന്നെയാണ് സാധനം വാങ്ങുകയും പണം കളി നോട്ട് കൈകാര്യം ചെയ്യുകയും ചെയ്യുന്നു.

**ക്ലാസ് 3 ജൂൺ മുതൽ മാർച്ച് വരെ**
**പരിസര പഠനം**

**ലക്ഷ്യങ്ങൾ**

നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവവൈവിധ്യ ഉദ്യാന സംരക്ഷണം, പ്രകൃതി സംരക്ഷണം, വ്യക്തി ശുചിത്വം

**പ്രവർത്തനങ്ങൾ**

- സസ്യങ്ങളെ തരംതിരിക്കൽ സ്കൂളിലെ ജൈവവൈവിധ്യ ഉദ്യാനം തയ്യാറാക്കൽ
- പ്രകൃതി സംരക്ഷണവും ആയി ബന്ധപ്പെട്ട് മണ്ണ് ജലം വായു എന്നിവ സംരക്ഷിക്കുന്നതിന് ആവശ്യമായ പോസ്റ്ററുകൾ തയ്യാറാക്കുന്നു വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിത കർമ്മ സേനയ്ക്ക് കൈമാറുന്നു.
- വ്യക്തി ശുചിത്വം പാലിക്കുന്നതിനായി കൈകഴുകുകൾ പരിശീലനം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ എന്നിവ നടത്തുന്നു.

**Class 3    June to March**

**English**

**Aims**

To speak, Read & write English without any mistakes

To check the vocabulary and writing skills of pupils.

**Activities**

- Pre test
- To develop listening skills and reading skills.Games, Action songs.
- Hello English Activities
- conversations
- skit stories
- use ICT

**To improve speaking skills**

Identify the naming words from the picture

Identify the action words from the picture.

Make the simple sentences using the word about picture

Make simple description about the picture

Growing sentences, picture reading, self introduction.

**To Develop the creative speaking and writing**

Books reading

Find words

Collect and read past tense

Rhyming words ,TB Activities,make word web,  picture description,Word chain,Make riddles,Add more lines.

- Library book reading,Read notice,Develop story,Description, Thoughts,Dairy,Announcement

**Unique Programme of the school**

- **Learn English through Cartoons**

  A Special time is set aside to show cartoons to promote the English language,which foster a great interest and affinity for English language in children.

- **Daily life English**

  A special programme which is supposed to be implemented in class 3 for promote efficiency of the English language in children that will execute in parallel with the first unique programme.

ക്ലാസ് 4 ജൂൺ മുതൽ മാർച്ച് വരെ

## മലയാളം

### ലക്ഷ്യങ്ങൾ

- വായനശേഷി ,ഭാഷണശേഷി , ലേഖനശേഷി വളർത്തൽ
- നമ്മുടെ തനത് ഭക്ഷണങ്ങൾ പരിചയപ്പെടൽ
- സാഹിത്യകാരന്മാരെ അടുത്തറിയൽ സാംസ്കാരിക പൈതൃകവുമായി ബന്ധപ്പെട്ട നമ്മുടെ കലകൾ നേരിട്ട് അറിയൽ.

### പ്രവർത്തനങ്ങൾ

- **വായിക്കാം വളരാം**

ക്ലാസ് വായന ക്ലാസ് ലൈബ്രറി ഒരിക്കൽ പുസ്തകപരിചയം വായനക്കുറിപ്പ് ആസ്വാദനക്കുറിപ്പ് പുസ്തക സംവാദം.

- **എഴുത്തിന്റെ വഴിയേ**

പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കുന്നു. പാഠ് ഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോ പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. കുറിപ്പ് തയ്യാറാക്കുന്നു.

- **ഭക്ഷ്യമേള**

പാചകക്കുറിപ്പിന്റെ പതിപ്പ് നിർമ്മാണം നടത്തുന്നു ക്ലാസ്സിൽ സദ്യ ഒരുക്കുന്നു.

- **വെളിച്ചം പകർന്നവർ**

സാഹിത്യകാരന്മാരുടെ ജന്മ ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു ഡോക്യുമെന്ററി പ്രദർശനം നടത്തുന്നു പുസ്തക പരിചയം ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം പ്രദർശനം എന്നിവ നടത്തുന്നു.

**ക്ലാസ് 4     ജൂൺ മുതൽ മാർച്ച് വരെ**

**ഗണിതം**

**ലക്ഷ്യങ്ങൾ**

ഗണിത പഠനം രസകരമാക്കാൻ ചതുഷ്ക്രിയകൾ  ലളിതമാക്കാൻ

ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ

ഗണിത ശേഷികളുടെ പ്രകടനം

**പ്രവർത്തനങ്ങൾ**

- കളിക്കാം പഠിക്കാം
- വിവിധതരം ഗണിത കളികൾ ആസൂത്രണം ചെയ്യുന്നു നടപ്പിലാക്കുന്നു
- ഒറിഗാമിയിലൂടെ പഠിക്കാം -ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം
- ഗണിത ചുമർ ,ഗണിത മൂല ഒരുക്കുന്നു
- പ്രശ്നോത്തരി പസിൽ,പാറ്റേൺ പഠന ഉൽപ്പന്നങ്ങൾ എന്നിവയുടെ പ്രദർശനം.

**ക്ലാസ് 4 ജൂൺ മുതൽ മാർച്ച് വരെ**

**പരിസര പഠനം**

**ലക്ഷ്യങ്ങൾ**

- നിരീക്ഷണം- അറിവ് നിർമ്മാണം
- ശാസ്ത്ര പഠനം ലളിതവും രസകരവും ആകുന്ന ശാസ്ത്ര പഠനത്തിൽ താൽപ്പര്യം ജനിപ്പിക്കുന്ന അന്വേഷണ ത്വര വളർത്തുന്നു.
- ഭൂപടം വായന ഭൂപട രചന ഭൂപട സൂചിക തയ്യാറാക്കുന്നു.
- ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം.

**പ്രവർത്തനങ്ങൾ**

കേരളം ഇന്ത്യ ഭൂപട വായന

ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നു.

ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം (പതിപ്പ് ചാർട്ട് ആൽബം പഠനോപകരണം പരീക്ഷണം)

ക്ലാസ് 4     ജൂൺ മുതൽ മാർച്ച് വരെ

**ENGLISH**

**AIMS**

Improving ability to write read and speak English effectively

Nurturing creativity.

**Activities**

- **English assembly**

  Conducting English assembly once in a week

- **English diary**

  Writing diary about day to day activities

- **English theatre**

  Conducting skit, drama conversation story telling etc based on unit' s in English

- **English magazine**

  Preparing magazine using children's writings.

**ക്ലാസ് I - IV ജൂൺ മുതൽ മാർച്ച് വരെ**

**അറബി ഭാഷാ പഠനം**

**ലക്ഷ്യങ്ങൾ**

- അറബി ഭാഷ തെറ്റ് കൂടാതെ വായിക്കാനുള്ള കഴിവുണ്ടാക്കുന്നു
- അറബി ഭാഷ ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം വളർത്തുന്നു.
- പദസമ്പത്ത് വർദ്ധിപ്പിക്കുന്നു അറബി ഭാഷ എഴുത്തിന്റെ പരിപോഷണം.

**പ്രവർത്തനങ്ങൾ**

അക്ഷരവായന

ചിത്രവായന വീട്ടു വായന

വാക്യങ്ങൾ ഉറപ്പിക്കൽ ,വ്യാകരണങ്ങൾ e-text ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു.

ലാംഗ്വേജ് ഗെയിംസ്, റോൾപ്ലേ, ക്ലാസ്സ് സംഭാഷണം കാർട്ടൂൺ പ്രദർശനം